# വിശ്വാസി
ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 20 No. 06 | PUBLISHED FROM DELHI | PRICE Rs. 3/- | JUNE 2016

## ബെഥേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ബിരുദ ദാനം നടന്നു



ഡോ. ലാജി പോൾ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു

**ന്യൂഡൽഹി:** ഐ.പി. സി. നോർത്തേൺ റീജന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബെഥേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാന സമ്മേളനം ഫരീദാബാദ് എബ്നേസർ സഭാഹാളിൽ വച്ച് നടന്നു. റീജൻ വർക്കിങ്ങ് പ്രസിഡന്റ് പാസ്റ്റർ പി.എം. ജോൺ അദ്ധ്യക്ഷത വഹിച്ച പ്രസ്തുത സമ്മേളനത്തിൽ റവ. സാജു മാത്യു (ജീസസ്സ് മിഷൻ, ഡയറക്ടർ) മുഖ്യസന്ദേശം നൽകി. യേശു ആരാണ് എന്നും അവൻ നമ്മിൽ ചെയ്ത അനുഭവങ്ങൾ ഓർക്കുമ്പോൾ ഏത് ക്രിസ്ത്യാനിയും യേശുവിന്റെ സാക്ഷികളായി തീരുമെന്നും യേശുവിനെ അറിഞ്ഞിട്ടില്ലാത്ത വ്യക്തികളുടെ അടുക്കൽ ചെല്ലുന്നതാണ് യഥാർത്ഥ ദൗത്യനിർവ്വഹണ സ്ഥാനം എന്നും തന്റെ മുഖ്യസന്ദേശത്തിൽ റവ. സജി സദസ്സിനെ ഓർപ്പിച്ചു.

പാസ്റ്റർ സാമുവൽ തോമസ് ബിരുദമെടുത്ത വിദ്യാർത്ഥികൾക്കുവേണ്ടി പ്രാർത്ഥിച്ചു. ഡോ. ലാജി പോൾ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

പ്രസ്തുത സമ്മേളനത്തിൽ പാസ്റ്റർമാരായ ഫിലിപ്പോസ് മത്തായി, കെ. ജോൺ, തോമസ് സാമുവൽ, റ്റി.എം. ജോസഫ്, കെ.ജി. മത്തായി, ഐസക്. വി. ജോൺ സഹോദരന്മാരായ എം. ജോണികുട്ടി, കെ.വി. പോൾ എന്നിവർ പങ്കെടുത്തു. ഡൽഹി, ഹരിയാന, ഉത്തർ പ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ള ശുശ്രൂഷകന്മാരും വിശ്വാസികളും ഈ സമ്മേളനത്തിന് സാക്ഷ്യം വഹിച്ചു.

## ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് ശുശ്രൂഷകന്മാർക്ക് സ്ഥലമാറ്റം

**ന്യൂഡൽഹി:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് ഡൽഹി, കേരളാ റീജനിലെ ശുശ്രൂഷകന്മാരുടെ സ്ഥലമാറ്റം നടന്നു. മെയ് 29 ന് അതാതു സഭകളിൽ യാത്രയയപ്പ് നൽകുകയും ജൂൺ 5ന് പുതിയ സഭയിൽ ശുശ്രൂഷകർ ചുമതലയേൽക്കുകയും ചെയ്തു.

ഡൽഹി റീജനിൽ പാസ്റ്റർ ബിനോയ് പി. ജോൺ- കിംങ്ങ്സ് വേ ക്യാമ്പ്, പാസ്റ്റർ ബിനു ജോൺ- കൽക്കാജി, പാസ്റ്റർ റ്റി.ഡി. സുധാകരൻ- ലാഡോസരായി എന്നിവിടങ്ങളിലേക്ക് മാറി.

കേരളാ റീജനിൽ പാസ്റ്റർ എബി ജോർജ്- അടൂർ, പാസ്റ്റർ ഏബ്രഹാം വി. എം.-ഐവർകാല, പാസ്റ്റർ ബെൻസി ജോർജ്- പഴകുളം, പാസ്റ്റർ ഡി. ജോൺ- ചാരുംമൂട്, പാസ്റ്റർ ജോയി ജോസഫ് - അന്തിച്ചിറ, സുവിശേഷകൻ ബിജു പാപ്പച്ചൻ- തെങ്ങമം, പാസ്റ്റർ മനോജ് തമ്പി -മാഞ്ഞാലി, പാസ്റ്റർ സാം വില്യം -വടശ്ശേരിക്കര, പാസ്റ്റർ സുമേഷ് പി.ലാസർ-നെല്ലിമുകൾ, പാസ്റ്റർ തങ്കച്ചൻ ഡേവിഡ്- കൊടുമൺ, പാസ്റ്റർ തോമസ് മാത്യു- കണ്ണമം എന്നിവിടങ്ങളിലേക്ക് മാറി.

### *വിശ്വാസി* ഇ-മെയിൽ ആയി ലഭിക്കാൻ

*വിശ്വാസി* മാസിക പി.ഡി.എഫ് ആയി ഇ-മെയിൽ ലഭിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ഇ-മെയിൽ ഐഡി msamuelkutty@gmail.com എന്ന വിലാസത്തിൽ അയക്കുക

പത്രാധിപർ

# കർത്താവ് വരും, എല്ലാം ശരിയാകും

ബി.പി. ജോൺ
ന്യൂഡൽഹി

ദശാബ്ദങ്ങളായി തുടരുന്ന അധികാരത്തിന്റെ ഒന്നിടവിട്ട ആവർത്തനം ഇത്തവണയും പ്രഖ്യാപിച്ച് കേരളജനത ഇടതു മുന്നണിയെ അധികാരത്തിലെത്തിച്ചു. 'എൽ.ഡി.എഫ് വരും എല്ലാം ശരിയാകും' എന്ന മുദ്രാവാക്യം മുന്നോട്ടുവച്ച ഇടതുമുന്നണിക്ക് കേരളമാകെ പിന്തുണ ലഭിച്ചു. അങ്ങനെ പുതിയ തന്ത്രങ്ങൾക്കും പ്രചാരണ രീതികൾക്കും സാക്ഷ്യം വഹിച്ചുകൊണ്ട് മറ്റൊരു തെരെഞ്ഞെടുപ്പുകാലം കോലാഹലപൂർവ്വം അവസാനിച്ചു. രണ്ട് കോടിയിലേറെ പേർ വിധിയെഴുതിയ തെരെഞ്ഞെടുപ്പിൽ ഇടതുമുന്നണി നേടിയ ഉജ്ജ്വല വിജയവും ദയനീയമെന്നു തന്നെ പറയാവുന്ന യുഡിഎഫ് പരാജയവും കേരളത്തിന് നൽകുന്നത് പുതിയ രാഷ്ട്രീയ പാഠങ്ങളാണ്.

സമഗ്രവികസനത്തിന്റെയും ക്ഷേമത്തിന്റെയും പാതയിലേക്ക് കേരളത്തെ നയിക്കുമെന്ന വാഗ്ദാനത്തോടെ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള പുതിയ മന്ത്രിസഭ അധികാരമേറ്റിരിക്കുകയാണ്. സുതാര്യവും ദിശാബോധവുമുള്ള ഭരണം കാഴ്ചവച്ച് കേരളത്തെ മാതൃകാസംസ്ഥാനമാക്കുക എന്ന ജനകീയ ദൗത്യം പുതിയ സർക്കാർ നിറവേറ്റണമെന്നാണ് കേരളത്തിന്റെ പ്രതീക്ഷ. എത്രയോ കാലമായി പരിഹാരമില്ലാതെ കിടക്കുന്ന മാലിന്യ പ്രശ്നം മുതൽ സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളിൽ വരെ പുതിയ മന്ത്രിമാരുടെ നിരന്തരമായ കണ്ണോട്ടമുണ്ടാകേണ്ടിയിരിക്കുന്നു. മികച്ച റോഡുകളടക്കമുള്ള അടിസ്ഥാന സൗകര്യവികസനത്തിലൂടെ, വലിയ പദ്ധതികളുടെ സാക്ഷാത്കാരത്തിലൂടെ, പുതിയ ലോകത്തിനൊപ്പമാകട്ടെ നമ്മുടെ കേരളം. റോഡപകടങ്ങൾ കുറയണമെന്ന കേരളത്തിന്റെ പ്രാർത്ഥനയ്ക്ക് പരിഹാരമുണ്ടാവേണ്ടതുണ്ട്. പ്രകൃതിവാതക പൈപ്പ് ലൈൻ പൂർത്തീകരിക്കുമെന്നും സംസ്ഥാനസർക്കാർ നിർമ്മിക്കുന്ന റോഡിനും പാലത്തിനും ടോളില്ലെന്നും ദേശീയപാത നാലുവരിയാക്കുമെന്നും മറ്റുമുള്ള പ്രകടനപത്രികാ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കണം.

അക്രമം നടത്തുന്നവരെ മുഖം നോക്കാതെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുവാൻ പുതിയ സർക്കാരിന് കഴിയണം. സാമുദായിക സംഘടനകളോടും രാഷ്ട്രീയ പാർട്ടികളോടും പക്ഷം ചേരുന്ന പോലീസ്നീതി അവസാനിക്കപ്പെടേണം. അഴിമതിയിൽ ഒത്തുതീർപ്പ് പാടില്ല. നിലവാരവും വിശ്വാസ്യതയും തകർന്ന പൊതുവിദ്യാഭ്യാസ മേഖലയെ വീണ്ടെടുക്കാൻ ഈ സർക്കാരിന് കഴിയണം.

> എല്ലാം ശരിയാകുന്ന,
> നീതിയുള്ള,
> പരാതിയില്ലാത്ത ഒരു ഭരണം
> വരാനിരിക്കുന്നതേ ഉള്ളൂ.
> ഭരണമേൽക്കുന്ന ആ
> ഭരണാധികാരി സർവ്വ
> സമ്മതനായിരിക്കും.
> അദ്ദേഹത്തിന്റെ
> ഭരണകാലത്ത് പരിപൂർണ്ണ
> സമാധാനം നിലനിൽക്കും.
> ദാരിദ്ര്യവും രോഗവും മാറി
> പ്പോകും. മറ്റാരുമല്ല, ആ
> ഭരണാധികാരി
> കർത്താധികർത്താവായ
> യേശുക്രിസ്തു തന്നെ.
> അന്ന് എല്ലാം ശരിയാകും!
> അന്നേ എല്ലാം ശരിയാകൂ...

സാധാരണക്കാരന്റെ ആശ്രയമായ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തീകരിച്ച് നിലവാരമുയർത്താൻ ശ്രമിക്കേണ്ടിയിരിക്കുന്നു. ഇടതുമുന്നണി വിജയിച്ചാൽ അടച്ചുപൂട്ടിയബാറുകൾ (യഥാർത്ഥത്തിൽ പൂട്ടിയിട്ടില്ല. അവ ബിയർ-വൈൻ പാലറുകളായി മാറുകയാണ് ഉണ്ടായത്) തുറക്കുമെന്ന ധാരണ പരന്നിട്ടുണ്ട്. മദ്യഉപയോഗം കുറക്കുന്നതിന് അതിന്റെ ലഭ്യതയും കുറക്കേണ്ടതുണ്ട്. വെറും ബോധവത്ക്കരണം കൊണ്ട് മദ്യവർജ്ജനം ഉണ്ടാകില്ല. സർക്കാരും പൊതു സമൂഹവും ബുദ്ധിജീവികളും ഇതിൽ ഒരുപോലെ നിലപാടെടുക്കണം.

ആരോഗ്യരംഗത്ത് സ്വകാര്യ മേഖല തഴച്ചുവളരുകയാണ്. സർക്കാർ സ്ഥാപനങ്ങൾ പാവപ്പെട്ടവന്റെ ആശ്രയമാണ്. എന്നാൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ സർക്കാരിന് നൽകാൻ കഴിയുകയില്ല. എല്ലാ ജില്ലകളിലും മെഡിക്കൽ കോളജുകൾ തുടങ്ങാൻ കഴിഞ്ഞ സർക്കാർ എടുത്ത തീരുമാനം പ്രായോഗികമാണോ എന്ന് ചിന്തിക്കണം. വൻ വ്യവസായമായി മാറിക്കൊണ്ടിരിക്കുന്ന ആരോഗ്യമേഖലയിലെ ചൂഷണം അവസാനിപ്പിക്കണം. നെഴ്സുമാർ ഉൾപ്പെടെയുള്ളവർക്ക് ശരിയായ വേതനം ഉറപ്പാക്കേണ്ടതുണ്ട്. വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്ക് കേരളത്തിൽ തൊഴിലെടുത്ത് ജീവിക്കാനുള്ള അവസരം ഉണ്ടാകേണം. മൂലധന സമാഹരണം പോലുള്ള വിഷയങ്ങളിൽ പുതിയ നയങ്ങൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ, ഇപ്രകാരമുള്ള അനേക പ്രശ്നങ്ങളുടെ നടുവിലാണ് പുതിയ സർക്കാർ അധികാരത്തിൽ വന്നിരിക്കുന്നത്.

വളരെയേറെ ശ്രദ്ധിക്കപ്പെട്ടതും ചർച്ച ചെയ്യപ്പെട്ടതുമായ വാചകമാണ് 'എൽ.ഡി.എഫ് വരും, എല്ലാം ശരിയാകും' എന്നത്. അധികാരത്തിൽ വരുന്ന എല്ലാ പാർട്ടികളുടെയും അജണ്ട താറുമാറായി കിടക്കുന്ന അവസ്ഥ

(ശേഷം രണ്ടാം പേജിൽ)

**ഉൾപേജുകളിൽ...**

| | |
|---|---|
| ശ്രേഷ്ഠനായ ക്രിസ്തു | : പാസ്റ്റർ എം.സാമുവൽകുട്ടി |
| വേദാദ്ധ്യായന വിധങ്ങൾ | : പാസ്റ്റർ മനോജ് തമ്പി |
| വിശ്വാസികൾ വിചാരപ്പെടാമോ | : പാസ്റ്റർ ഡാനിയേൽ ജോർജ് |
| മനസ്സുപുതുക്കി രൂപാന്തരപ്പെടുക | : ഇവാ. ജോൺ സാമുവൽ മണക്കാല |

പത്രാധിപ ലേഖനം.......

# സർവ്വ ശ്രേഷ്ഠനായ ക്രിസ്തു



റോമാലേഖനം പോലെ കൊലോസ്യലേഖനവും പൗലൊസ് സന്ദർശിച്ചിട്ടില്ലാത്ത ഒരു സഭയ്ക്കാണ് എഴുതിയത്. കൊലോസ്യയിലുള്ള വിശുദ്ധന്മാരുടെ വിശ്വാസത്തെ സംബന്ധിച്ച് പൗലൊസിന് കേട്ടറിവ് മാത്രമേ ഉണ്ടായിരുന്നുള്ളു. എങ്കിലും ചെറിയോരു പട്ടണത്തിലെ അറിയപ്പെടാത്ത സഭാവിശ്വാസികൾക്ക് സുപ്രസിദ്ധനായ പൗലൊസിൽ നിന്നും പ്രചോദനാത്മകമായ ലേഖനം ലഭിച്ചു എന്നത് വലിയ കാര്യമാണ്. പൗലൊസ് മൂന്ന് വർഷം എഫെസോസിൽ ചെയ്ത സുവിശേഷവേലയുടെ പരിണിതഫലമാണ് ഈ സഭ. ആസ്യയിൽ പാർക്കുന്ന യഹൂദന്മാരും യവനൻമാരും കർത്താവിന്റെ വചനം കേൾക്കത്തക്കനിലയിൽ വളരെ ഫലവത്തായ സാക്ഷ്യമാണ് എഫസൊസ് സഭ ചെയ്തത്. കൊലോസ്യ, ലെവോദിക്യ തുടങ്ങിയ പ്രദേശങ്ങളിലുള്ള ആളുകളും ഇതിൽപെടുന്നു. എഫെസൊസിൽ പൗലൊസ് ചെയ്ത ശുശ്രൂഷമൂലം ഏറ്റവും കുറഞ്ഞത് എപ്പഫ്രാസും ഫിലെമോനും കൊലോസ്യ നഗരത്തിൽ നിന്ന് ക്രിസ്തുവിലുള്ള വിശ്വാസത്തിൽ വന്നു. താൻ അറിഞ്ഞ സത്യം കൊലോസ്യയിലുള്ള തന്റെ സുഹൃത്തുക്കളുമായി എപ്പഫ്രാസ് പങ്കുവച്ചു. അവരും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അങ്ങനെ എപ്പഫ്രാസ് കൊലോസ്യയിൽ സഭ സ്ഥാപിച്ചു. ഈ ലേഖനം പൗലൊസ് എഴുതുമ്പോൾ കൊലോസ്യസഭയ്ക്ക് ഏകദേശം 5 വർഷം പ്രായമുണ്ട്.

സഭയുടെ ശുശ്രൂഷയെതന്നെ നശിപ്പിക്കത്തക്ക നിലയിലുള്ള ഒരു പ്രതിസന്ധി വന്നുകൂടിയപ്പോഴാണ് പൗലൊസ് ഈ ലേഖനം എഴുതിയത്. കൊലോസ്യപട്ടണത്തിൽ പ്രചരിപ്പിക്കപ്പെട്ട ചില പുതിയ ഉപദേശങ്ങൾ സഭയിലും കടന്നുകയറി പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഈ ഉപദേശങ്ങൾ തെറ്റെന്ന് സമർത്ഥിച്ച് സുവിശേഷ സത്യങ്ങളെ സ്ഥാപിക്കുക എന്നതാണ് ഈ ലേഖനത്തിലൂടെ പൗലൊസ് ഉദ്ദേശിച്ചത്. കൊലോസ്യസഭയുടെ സമാധാനത്തിനും വിശുദ്ധിക്കും ഭീഷണി ഉയർത്തിയ ദുരൂപദേശം പൗരസ്ത്യതത്വജ്ഞാനത്തിന്റെയും യഹൂദാനിയമ സംഹിതയുടെയും ഒരു സംയുക്തമായിരുന്നു. ജ്ഞാനമതക്കാർ ദൈവത്തെക്കുറിച്ചുള്ള ആഴമേറിയ വസ്തുതകൾ തങ്ങളുടെ ജ്ഞാനത്താൽ അറിയുന്നവരാണെന്നും സഭയിലെ ആത്മികകുലീനാധിപത്യം പുലർത്തുന്നവരാണെന്നും ചിന്തിച്ചിരുന്നു.

പ്രാരംഭമായി ദൈവവുമായുള്ള ഏകീകരണത്തിലൂടെ ആത്മികപൂർണ്ണത പ്രാപിക്കുവാൻ കഴിയുമെന്ന് ഈ ദുരൂപദേശം ജനത്തിന് വാഗ്ദാനം നൽകി. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഉപദേശങ്ങളിലും ആചാരങ്ങളിലും പ്രവേശിച്ചാൽ മാത്രമേ ആത്മിക പൂർണ്ണത അവരുടേതായിത്തീരുകയുള്ളു. ഇങ്ങനെ ആരംഭിച്ചവർക്കു മാത്രമേ പൂർണ്ണജ്ഞാനം, ആത്മിക സൗഖ്യം എന്നിവ അനുഭവിക്കുവാൻ കഴിയുകയുള്ളൂ. ഈ ജ്ഞാനമാണ് മൺമയമായ കാര്യങ്ങളിൽ നിന്ന് അവരെ സ്വതന്ത്രരാക്കി ദൈവികമായ വസ്തുക്കളിൽ എത്തിക്കുന്നത്. എന്നാൽ പാരമ്പര്യങ്ങളിൽ അടിസ്ഥാനപ്പെട്ടതും മനുഷ്യനിർമ്മിത തത്വശാസ്ത്രങ്ങളുമായിരുന്നു ഈ ഉപദേശങ്ങൾ.

നൻമയിൽ പൂർണ്ണനായ ദൈവത്തിന്റെ സൃഷ്ടിയാണ് ലോകം എങ്കിൽ, ലോകത്തിൽ തിന്മ എങ്ങനെ വന്നു? എന്ന തത്വാധിഷ്ഠിതമായ ചോദ്യത്തിൽ നിന്നാണ് ഇതിന്റെ ഉത്ഭവം. വിശുദ്ധനായ ദൈവത്തിന് തിന്മയുള്ള ലോകവുമായി ബന്ധപ്പെടുവാൻ കഴിയുകയില്ലെന്നും ആയതുകൊണ്ട് ദൈവത്തിനും തന്റെ സൃഷ്ടിപ്പിനും ഇടയിൽ ലഘുദൈവങ്ങളുടെ ഒരു കൂട്ടം തന്നെ ഉണ്ടെന്നുമുള്ള തെറ്റായ നിർണ്ണയവും അവർ എടുത്തു. ജോതിർഗോളങ്ങളെ നിയന്ത്രിക്കുകയും ഭൗമപരമായ ഇടുപാടുകളെ സ്വാധീനിക്കുകയും ചെയ്യുന്ന ദൂതസഞ്ചയങ്ങൾ ഉണ്ടെന്നും അവർ വിശ്വസിച്ചിരുന്നു. ഇത്തരത്തിലുള്ള മറ്റനേകം തെറ്റായ പഠിപ്പിക്കലുകൾ ക്രിസ്തീയ വിശ്വാസത്തിന് തുരങ്കം വച്ചു. ഇവർ യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെയും രക്ഷണ്യവേലയേയും ആക്രമിച്ചു. അവരെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തു ജഡത്തിൽ വെളിപ്പെട്ട ദൈവപുത്രനായിരുന്നില്ല. മറിച്ച് ദൈവത്തിന്റെ ലഘുദൈവങ്ങളിൽ ഒന്ന് ആയിരുന്നു. ഈ അവകാശവാദങ്ങളെയെല്ലാം കൊലോസ്യലേഖനത്തിലൂടെ പൗലൊസ് ഖണ്ഡിച്ചു തള്ളി. യേശുക്രിസ്തുവിന്റെ സർവ്വ ശ്രേഷ്ഠതയെ വെളിപ്പെടുത്തുവാൻ പൗലൊസ് നാലു വാദമുഖങ്ങൾ ഈ ലേഖനത്തിൽ നിരത്തുന്നു.

ഒന്ന്, രക്ഷകനായ ക്രിസ്തു (1:13-14). മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നം പാപമാണ്. അത് പരിഹരിക്കുവാൻ ഒരു തത്വജ്ഞാനിക്കും മതനേതാവിനും കഴിയുകയില്ല. പാപികൾക്ക് ഒരു രക്ഷകനെ ആവശ്യമാണ്. ഈ വാക്യങ്ങളിൽ ക്രിസ്തു നമുക്കുവേണ്ടി ചെയ്ത നാല് രക്ഷാകരമായ പ്രവർത്തനങ്ങളുടെ ഒരു സ്പഷ്ടമായ ചിത്രമാണ് പ്രദർശിപ്പിക്കുന്നത്. അവൻ നമ്മെ വിടുവിച്ചു(1:13); അവൻ നമുക്ക് സ്ഥാനാന്തരഗമനം വരുത്തി (1:13); അവൻ നമ്മെ വീണ്ടെടുത്തു (1:14); അവൻ നമ്മുടെ പാപം ക്ഷമിച്ചു(1:14). പാപത്തിൽ നിന്നും നമുക്ക് സ്വയം രക്ഷപ്പെടുവാൻ കഴികയില്ല. യേശുവിനു മാത്രമേ നമ്മേ വിടുവിക്കുവാൻ കഴിയുകയുള്ളു. അവൻ നമ്മെ വിടുവിക്കുകയും സാത്താന്യഅധികാരങ്ങളിൽ നിന്നും ഇരുട്ടിന്റെ ശക്തികളിൽ നിന്നും നമ്മെ രക്ഷിക്കുകയും ചെയ്തു.

രണ്ട്, സൃഷ്ടിതാവായ ക്രിസ്തു (1:15-17). സകല സൃഷ്ടിക്കും മുമ്പേ അവൻ നിലനിന്നിരുന്നു(1:15). ആദ്യജാതൻ എന്ന പദം സമയത്തെ പരാമർശിക്കുന്നതല്ല, മറിച്ച് സ്ഥാനത്തെയും പദവിയെയും കുറിക്കുന്നതാണ്. യേശുക്രിസ്തു സൃഷ്ടിക്കപ്പെട്ട ആദ്യജീവിയല്ല, അവൻതന്നെ സകലത്തിന്റെയും സൃഷ്ടിതാവാണ്. സർവ്വസൃഷ്ടിക്കും ആദ്യജാതൻ എന്നാൽ സർവ്വസൃഷ്ടിക്കും മുമ്പൻ എന്നാണ് അർത്ഥം. അവൻ സൃഷ്ടിയല്ല, നിത്യനായ ദൈവമാണ്, സൃഷ്ടിതാവാണ് (1:16).

മൂന്ന്, ക്രിസ്തു സഭയുടെ ശിരസ്സാണ് (1:18). പുതിയ നിയമത്തിൽ സഭയ്ക്ക് അനേകം സാദൃശ്യങ്ങൾ ഉണ്ട്. അതിൽ ശരീരം എന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഒരുവ്യക്തി ക്രിസ്തുവിൽ ആശ്രയിക്കുമ്പോൾ ഈ ശരീരത്തിലേക്ക് അവൻ ചേർക്കപ്പെടുകയാണ്. ഓരോ ക്രിസ്തുവിശ്വാസിയും ഈ ആത്മികശരീരത്തിലെ ഒരു അംഗവും ക്രിസ്തു അതിന്റെ തലയും ആകുന്നു. ഭൂമിയിലുള്ള ഒരു വിശ്വാസിയും സഭയുടെ തലവൻ അല്ല. ഈ പദവിക്ക് യോഗ്യൻ കർത്താവ് മാത്രമാണ്.

നാല്, പിതാവിന് പ്രിയനായ ക്രിസ്തു(1:19-20). യേശുക്രിസ്തുവിനെ സ്നേഹസ്വരൂപനായ പുത്രൻ എന്ന് പൗലൊസ് നേരത്തെ തന്നെ വിളിക്കുന്നുണ്ട് (വാക്യം 13). കർത്താവായ യേശുക്രിസ്തുവിനെ തങ്ങളുടെ രക്ഷകനായി വിശ്വസിക്കുന്ന സകലരും പ്രിയനായവനിൽ അംഗീകരിക്കപ്പെടുന്നു. ഇക്കാരണത്താൽ ദൈവത്തിന് നമ്മെ തന്റെ പ്രിയർ എന്ന് വിളിക്കാം. ക്രിസ്തുവിൽ സകലപൂർണ്ണതയും വസിക്കുന്നുവെന്ന് പൗലൊസ് പഠിപ്പിക്കുന്നു. പൂർണ്ണത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ദൈവിക ശക്തിയുടെയും സ്വഭാവവിശേഷണങ്ങളുടേയും ആകെത്തുക എന്നാണ്. പാപത്താൽ ദൈവത്തിങ്കൽ നിന്നും അകന്നു പോയ മനുഷ്യനും ദൈവവും തമ്മിൽ അനുരഞ്ജനം സാധ്യമായത് കർത്താവായ യേശുക്രിസ്തുവിന്റെ മരണത്തിലൂടെയാണ് (1:20).

കൊലോസ്യർക്കുള്ള ദൂത് വളരെ സാഹസികമായി ഇന്നത്തെ സഭ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ഒരു മതം മറ്റൊരു മതത്തെപ്പോലെ നല്ലതാണ് എന്ന രീതിയിൽ മതസഹിഷ്ണുതയെ വ്യാഖ്യാനിക്കുന്ന ഒരു കാലത്തിലാണ് നാം ജീവിക്കുന്നത്. പലർക്കും യേശു പ്രധാനപ്പെട്ടതായിരിക്കാം, പക്ഷേ സർവ്വപ്രധാനമല്ല. എന്നാൽ ഈ ലേഖനത്തിലൂടെ പൗലൊസ് നമ്മെ പഠിപ്പിക്കുന്നതും നാം അംഗീകരിക്കേണ്ടതുമായ വിഷയം യേശുക്രിസ്തു നിത്യനാകുന്നു-അവൻ ദൈവമാകുന്നു. അവൻ രക്ഷിതാവും സൃഷ്ടാവും സഭയുടെ തലവനും പിതാവിന് പ്രിയനും ആകുന്നു. നമ്മുടെ ജീവിതത്തിലും സർവ്വ ശ്രേഷ്ഠതയുള്ളവൻ ആകുവാൻ യേശുക്രിസ്തു മാത്രമാണ് യോഗ്യൻ.

**പാസ്റ്റർ എം. സാമുവൽകുട്ടി**

# എല്ലാം ശരിയാകും

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

യ്ക്ക് വ്യതിയാനം വരുത്തുക എന്നത്. എന്നാൽ അധികാരത്തിലേറിയ ശേഷം ലക്ഷ്യബോധം നഷ്ടപ്പെട്ട സർക്കാരുകളേയും നേതാക്കളേയുമാണ് വോട്ട് നൽകി വിജയിപ്പിച്ച ജനം കണ്ടുകൊണ്ടിരിക്കുന്നത്. എല്ലാം ശരിയാകുമോ? പരാതിക്ക് ഇടം കൊടുക്കാത്ത ഒരു സർക്കാർ ഇതുവരെ ഭരിച്ചിട്ടുണ്ടോ? ഇനി അത്തരമൊരു സർക്കാർ അധികാരത്തിൽ വരുമോ? ചില നാളുകളായി ഇന്ത്യയിലെ ജനങ്ങൾ ലോക്സഭയിലോ രാജ്യസഭയിലോ നിയമ സഭകളിലോ സമാധാനപരമായ ചർച്ചകളോ കോലാഹലങ്ങളില്ലാത്ത പ്രസംഗങ്ങളോ കണ്ടിട്ടില്ല. കാരണം ഏതു പാർട്ടിയുടേയും ഭരണത്തിൽ എല്ലാവർക്കും പരാതി മാത്രം.

എന്നാൽ എല്ലാം ശരിയാകുന്ന, നീതിയുള്ള, പരാതിയില്ലാത്ത ഒരു ഭരണം വരാനിരിക്കുന്നതേ ഉള്ളൂ. ഭരണമേൽക്കുന്ന ആ ഭരണാധികാരി സർവ്വ സമ്മതനായിരിക്കും. അദ്ദേഹത്തിന്റെ ഭരണകാലത്ത് പരിപൂർണ്ണ സമാധാനം നിലനിൽക്കും. ദാരിദ്ര്യവും രോഗവും മാറിപ്പോകും. അതൊരു രാജഭരണമായിരിക്കും. ആ രാജാവ് മറ്റാരുമല്ല, രാജാധിരാജാവും കർത്താധികർത്താവുമായ യേശുക്രിസ്തു തന്നെ. ആ ഭരണം ആത്മീയ പരിപക്വമായ ഭരണമായിരിക്കും. പാപക്ഷമ, ശുദ്ധീകരണം, നീതിയുടെ വാഴ്ച, പുതിയ ഹൃദയം, ദൈവപരിജ്ഞാനം, ആത്മപകർച്ച, നിത്യനീതി ഇവ കളിയാടുന്ന രാജ്യമായിരിക്കും അത്. നീതി ബോധ സംഹിത അവിടെ ഉണ്ടായിരിക്കും. ധാർമ്മിക തത്വങ്ങൾക്ക് വില മതിക്കപ്പെടും. സമത്വം സ്ഥാപിക്കപ്പെടുകയും അസമത്വം തുടച്ചുമാറ്റപ്പെടുകയും ചെയ്യും. യുദ്ധം ഇല്ലാതാകും. ആഗോള വ്യാപകമായ സമാധാനം സ്ഥാപിതമാകും. സാമൂഹിക നീതി എല്ലാവർക്കും ലഭിക്കും. അതേ, നല്ല ഭരണത്തിനായി നമ്മുടെ കർത്താവായ യേശുക്രിസ്തു വരും. അന്ന് എല്ലാം ശരിയാകും, അന്നേ എല്ലാം ശരിയാകൂ...

# നിത്യതയിൽ



**ന്യൂഡൽഹി:** ഐ.പി.സി. നോർത്തേൺ റീജൻ വർക്കിങ്ങ് പ്രസിഡന്റ് പത്തനാപുരം പാലമൂട്ടിൽ വടക്കേതിൽ പാസ്റ്റർ പി.എം. ജോണിന്റെ ഭാര്യ കുഞ്ഞമ്മ ജോൺ (59) നിത്യതയിൽ ചേർക്കപ്പെട്ടു.

സംസ്കാരം മെയ് 14 ന് സ്വവസതിയിലെ ശുശ്രൂഷകൾക്ക് ശേഷം 11 മണിക്ക് ഡൽഹി ബുരാഡിയിലുള്ള ഇന്ത്യൻ ക്രിസ്ത്യൻ സെമിത്തേരിയിൽ നടന്നു. റീജൻ പ്രസിഡന്റ് പാസ്റ്റർ സാമുവൽ ജോൺ മുഖ്യകാർമികത്വം വഹിച്ചു.

പരേത പുനലൂർ കരവാളൂർ മണലിൽ കിഴക്കേക്കര പേരൂർ പടിഞ്ഞാറ്റേതിൽ എം. പി. തോമസ്സിന്റെയും റെയ്ച്ചൽ തോമസ്സിന്റെയും 5-ാമത്തെ മകൾ ആയിരുന്നു. ഒരു യാഥാസ്ഥിതിക ഓർത്തഡോക്സ് കുടുംബത്തിൽ നിന്നും ഏകയായി വിശ്വാസത്തിൽ വന്നു. തന്റെ 23-ാം വയസ്സിൽ പാസ്റ്റർ പി.എം. ജോണുമായി വിവാഹം നടന്നു. അതിനുശേഷം കുടുംബമായി ഉത്തര ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ സഭാ ശുശ്രൂഷയിലായിരുന്നു.

മക്കൾ: ബ്ലസ്സി, ബിൻസി. മരുമക്കൾ: കുര്യൻ ക്ലീറ്റസ്, ബിബിൻ തോമസ്. കൊച്ചുമക്കൾ: ഷോൺ കുര്യൻ, ബേദ്ശേബാ ബിബിൻ തോമസ്.


**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# വേദാദ്ധ്യായന വിധങ്ങൾ



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

ഒരു അദ്ധ്യയന വർഷം കൂടെ പിറവിയെടുക്കുന്നു. പഠനത്തിന്റെ അനുഗ്രഹീത നിമിഷങ്ങളിലേക്ക് കുട്ടികൾ പ്രവേശിക്കുന്നു. ഭാവിയിൽ ആരെങ്കിലുമൊക്കെ ആകുവാൻ ലക്ഷ്യബോധത്തോടെ പഠിക്കുന്നവരും, അറിവ് വർദ്ധിപ്പിക്കുവാൻ വേണ്ടി പഠിക്കുന്നവരും ആരുടെയൊക്കെയോ നിർബന്ധത്തിന് വഴങ്ങി പഠിക്കുന്നവരുമൊക്കെ കുട്ടികളുടെ കൂട്ടത്തിലുണ്ടാകാം. എന്നാൽ ധാർമ്മികവും മാനസികവുമായ വളർച്ചയ്ക്ക് ആവശ്യമായ സാമൂഹിക ചുറ്റുപാടുകൾ കുട്ടികൾക്ക് ലഭ്യമാക്കുക എന്നത് മുതിർന്നവരുടെ ഉത്തരവാദിത്തമാണ്. അത്തരത്തിൽ സമൂഹത്തെ ഉയർത്തുവാൻ ബൈബിൾ പഠനം നമ്മെ സഹായിക്കുന്നു.

ബൈബിൾ വളരെ വലിയ ഒരു പുസ്തകമാണ്. ചെറുതും വലുതുമായ 66 പുസ്തകങ്ങളടങ്ങിയ ഒരു പുസ്തക സഞ്ചയമാണ്. വിവിധ വിഷയങ്ങൾ ഇതിൽ വിവരിക്കുന്നുണ്ട്. പക്ഷേ, ഒരു വിഷയത്തെക്കുറിച്ച് ഒരു ഭാഗത്ത് മാത്രമല്ല പറയുന്നത്. പൂർണ്ണചിത്രം ലഭിക്കുവാൻ ബൈബിൾ വാക്യങ്ങൾ യഥാവിധി കൂട്ടിച്ചേർക്കേണ്ടതായി വരുന്നു. ഒരേ വിഷയം പല ശൈലികളിൽ, പല സന്ദർഭങ്ങളിൽ പലർ എഴുതിയിട്ടുണ്ട്. ബൈബിൾ ശരിയായി വ്യാഖ്യാനിക്കുവാൻ അല്ലെങ്കിൽ പഠിക്കുവാൻ ആഗ്രഹിക്കുന്നവർ ഓരോ വിഷയത്തെപ്പറ്റിയും ലഭ്യമായ ഒത്തുവാക്യങ്ങൾ യഥാവിധി കൂട്ടിച്ചേർത്ത് വച്ചശേഷം മാത്രമാണ് പഠിക്കേണ്ടത്. ബൈബിളിലുള്ള വിഷയങ്ങൾ ബൈബിളിന് പുറത്തുള്ള ഏതെങ്കിലും മാനദണ്ഡങ്ങൾ ഉപയോഗിച്ച് പഠിക്കണമെന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ ബൈബിളിനെ ബൈബിൾ കൊണ്ട് തന്നെ വ്യാഖ്യാനിച്ച് പഠിക്കുന്നതാണ് ശരിയായ രീതി.

നമ്മുടെ കൈവശം സമ്പൂർണ്ണ ബൈബിളുണ്ട്. പക്ഷേ ഇതായിരുന്നില്ല എല്ലാ കാലത്തെയും അവസ്ഥ. ബൈബിൾ എഴുതി തുടങ്ങിയത് ക്രിസ്തുവിന് 1600 വർഷം മുമ്പാണ്. ഒരു മനുഷ്യനും തിരുവചന സത്യങ്ങളെല്ലാം പൂർണ്ണമായി ഗ്രഹിച്ചുകഴിഞ്ഞു എന്നവകാശപ്പെടാനാവില്ല. കഴിഞ്ഞ നിരവധി നൂറ്റാണ്ടുകളായി മനുഷ്യൻ ദൈവവചനത്തിൽ നിന്നും നേടിയ അറിവുകൾ പഠനവിഷയമാക്കാതെ വ്യാഖ്യാനിക്കാനും പഠിപ്പിക്കുവാനും തുടങ്ങിയതിന്റെ ഫലമായി ധാരാളം ദുരൂപദേശങ്ങൾ രംഗപ്രവേശം ചെയ്തു. ഇത് ഒഴിവാക്കുവാനാണ് ദൈവശാസ്ത്രത്തിന്റെ ചരിത്രപരമായ പുരോഗതിയെപ്പറ്റി ബൈബിൾ കോളജുകളിൽ പഠിപ്പിക്കുന്നത്.

> **തിരുവചനത്തിന് വെളിയിലുള്ളതൊന്നും മനുഷ്യരക്ഷയ്ക്ക് ആവശ്യമല്ല. ഇതര മതഗ്രന്ഥങ്ങൾ തേടിപ്പോകുന്നവർ മറന്ന് പോകുന്നത് ഈ വസ്തുതയാണ്. മനുഷ്യൻ രക്ഷ പ്രാപിക്കുവാൻ മതിയായതെല്ലാം ബൈബിളിൽ വ്യക്തമായി പറയുന്നുണ്ട്. അതിലധികമായി അന്വേഷിക്കുന്നവർ ഊഹാപോഹങ്ങൾ നടത്തി കുഴപ്പത്തിലാക്കുന്നു**

ദൈവവചനമായ ബൈബിൾ പൂർണ്ണമാണ്. അത് മനുഷ്യനെ രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയായതാണ്. തിരുവചനത്തിന് വെളിയിലുള്ളതൊന്നും മനുഷ്യരക്ഷയ്ക്ക് ആവശ്യമല്ല. ഇതര മതഗ്രന്ഥങ്ങൾ തേടിപ്പോകുന്നവർ മറന്ന് പോകുന്നത് ഈ വസ്തുതയാണ്. മനുഷ്യൻ രക്ഷ പ്രാപിക്കുവാൻ മതിയായതെല്ലാം ബൈബിളിൽ വ്യക്തമായി പറയുന്നുണ്ട്. അതിലധികമായി അന്വേഷിക്കുന്നവർ ഊഹാപോഹങ്ങൾ നടത്തി കുഴപ്പത്തിലാക്കുന്നു.

വേദപുസ്തകം ക്രമമായി എഴുതപ്പെട്ട പുസ്തകമായതുകൊണ്ട് ക്രമമായി പഠിക്കേണ്ടത് ആവശ്യമാണ്. ദൈവവചനത്തെ സ്നേഹിക്കുകയും സത്യത്തിനു വേണ്ടി ആഗ്രഹിക്കുകയും ചെയ്യുമ്പോൾ വചനപഠനം പ്രയോജനകരമായി തീരും. പരിശുദ്ധാത്മാവാണ് ഏറ്റവും നല്ല വേദ അദ്ധ്യാപകൻ എന്ന് മനസ്സിലാക്കി പ്രാർത്ഥനയിൽ സമയം വിനിയോഗിക്കുന്നവരാകുമ്പോൾ വചനസത്യങ്ങൾ ഗ്രഹിക്കുവാൻ കഴിയും. വേദപുസ്തകത്തിന്റെ ഭാഷ സാധാരണ ഭാഷയാണോ ആലങ്കാരിക ഭാഷയാണോ എന്ന് കണ്ടുപിടിക്കുക, അത് സന്ദർഭം കൊണ്ട് മനസിലാക്കാം. എഴുത്തുകാരന്റെയും ആർക്ക് വേണ്ടി എഴുതിയോ അവരുടെയും സാഹചര്യങ്ങളെക്കുറിച്ച് നാം ചിന്തിക്കണം.

വേദപുസ്തകം മുഴുവനും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. അതിനുള്ള മാർഗ്ഗം വീണ്ടും വീണ്ടും വായിക്കുക എന്നുള്ളതാണ്. വേദപുസ്തകം ആരംഭം മുതൽ അവസാനം വരെ വായിക്കുമ്പോൾ വേദപുസ്തക സംഭവങ്ങളുടെ ക്രമവും വചനസത്യത്തിന്റെ ഉത്ഭവവും ക്രമാനുഗതമായ പൂർണ്ണതയും മനസ്സിലാക്കാം. വേദപുസ്തകത്തിലെ പുസ്തകങ്ങൾ പഠിക്കുന്നതിലൂടെ, അദ്ധ്യായങ്ങൾ പഠിക്കുന്നതിലൂടെ, പ്രധാനപ്പെട്ട ആളുകളുടെ ജീവചരിത്രം പഠിക്കുന്നതിലൂടെ, വിഷയങ്ങൾ പഠിക്കുന്നതിലൂടെ, പ്രവചനങ്ങൾ പഠിക്കുന്നതിലൂടെ സമ്പൂർണ്ണ വചനപഠനം സാധ്യമാക്കാം.

(നാലാം പേജിൽ നിന്നും തുടർച്ച)

# വിശ്വാസികൾ വിചാരപ്പെടാമോ?

യിൽ വന്നിട്ടും നിനക്ക് വ്യത്യാസമൊന്നുമില്ലെന്നും പഴയതുപോലെ തന്നെയാണ് നീ ഇപ്പോഴും എന്ന് ഓർപ്പിച്ചു നമ്മെ ചിന്താഭാരത്തിലാക്കുകയാണ് പിശാചിന്റെ പണി.

പ്രിയപ്പെട്ടവരേ, വിചാരപ്പെടുന്നതിനാൽ നാം ദൈവത്തോടുള്ള വിശ്വാസവും ആശ്രയവും ഉപേക്ഷിച്ചു പ്രശ്നങ്ങളിലേക്കും സ്വയത്തിലേക്കും ഒതുങ്ങി കൂടുകയാണ്. അത് നാം ദൈവത്തോട് ചെയ്യുന്ന പാപമത്രേ. കലണ്ടർ പ്രകാരം ആഴ്ചയിൽ ഞായറാഴ്ച മുതൽ ശനിയാഴ്ച വരെ 7 ദിവസങ്ങളാണ് ഉള്ളത്. എന്നാൽ യഥാർത്ഥത്തിൽ 3 ദിവസങ്ങൾ മാത്രമാണ് നമുക്കനുഭവത്തിലുള്ളത്. ഈ മൂന്ന് ദിവസത്തിൽ രണ്ടു ദിവസങ്ങളെക്കുറിച്ച് നാം തല പുകഞ്ഞിട്ടു യാതൊരു പ്രയോജവുമില്ല. അതിലൊന്ന് നമുക്കാർക്കും മാറ്റം വരുത്താൻ കഴിയാത്ത ഇന്നലെ എന്ന കഴിഞ്ഞുപോയ ദിവസമാണ്. മറ്റൊന്ന് ഒരു മനുഷ്യർക്കും അറിയാൻ പാടില്ലാത്തതും അതിന്മേൽ യാതൊരുവിധ നിയന്ത്രണവും അധികാരവുമില്ലാത്തതുമായ നാളെ എന്ന ദിവസമാണ്. പിന്നെയുള്ളത് ഇന്ന് എന്ന ദിവസമാണ്. എന്തെങ്കിലും നമുക്ക് ചെയ്യാൻ കഴിയുന്നത് ഇന്ന് എന്ന ദിവസം മാത്രമാണ്. ദൈവവചനം പറയുന്നു, ‘ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ ഹൃദയം കഠിനപ്പെടുത്തരുത്, ഇന്നല്ലോ രക്ഷാദിവസം’. ഇങ്ങനെ ഇന്ന് എന്ന ദിവസം വളരെ പ്രധാനപ്പെട്ട ദിവസമാണ്. ഇന്ന് നമുക്ക് തീരുമാനിക്കാൻ കഴിയും, തെരെഞ്ഞെടുക്കുവാൻ കഴിയും.

യേശു തന്റെ ശിഷ്യന്മാരെ വിട്ടു ഉയരങ്ങളിലേക്ക് പോകുമ്പോൾ പറഞ്ഞത്, ‘ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോട് കൂടെയുണ്ട്’ (മത്തായി 28:20). ഓരോ ദിവസവും അവന്റെ സാന്നിധ്യം അവൻ നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നു. ഇന്ന് അവന്റെ കൃപയാലും പരിശുദ്ധാത്മാവിന്റെ ശക്തിയാലും ഓരോ ദിവസവുമുള്ള പിശാചിന്റെ വെല്ലുവിളികളെയും സാഹചര്യങ്ങളെയും അഭിമുഖീകരിക്കുവാൻ നമുക്കു കഴിയും (ഫിലിപ്പിയർ 4:13).

പ്രിയമുള്ളവരേ, ചിന്താഭാരം എന്നു പറയുന്നത്, മുമ്പിലേക്കും പിമ്പിലേക്കും ആടിക്കൊണ്ടിരിക്കുന്ന ഒരു കസേര പോലെയാണ്. ആടിക്കൊണ്ടിരിക്കുന്നതല്ലാതെ നാം എങ്ങും ചെന്നെത്തുന്നില്ല. ഇതേ രീതിയിൽ മനസ്സ് ചിന്താഭാരം കൊണ്ട് വളരെ തിരക്കിലാണ്. പക്ഷെ ഒരു പ്രശ്നത്തിനും പരിഹാരവും കാണുന്നില്ല. അഥവാ ചിന്താഭാരം നിങ്ങളെ വിഴുങ്ങിക്കൊണ്ടിരിക്കുന്നുവെങ്കിൽ ഓർത്തുകൊള്ളുക അതു നിങ്ങളുടെ ആത്മീയ ജീവിതത്തെയും ആരോഗ്യസ്ഥിതിയേയും ഒരു പോലെ നശിപ്പിക്കും.

തീർച്ചയായും ചിന്താഭാരത്തിന്റെ ശക്തിയെ നമുക്കു കീഴ്പ്പെടുത്തുവാൻ കഴിയും. അതിന്മേൽ എങ്ങനെ നിയന്ത്രണം പ്രാപിക്കുവാൻ കഴിയുമെന്ന വിഷയത്തെക്കുറിച്ച് വേദപുസ്തകം എന്തുപറയുന്നുവെന്ന് നമുക്ക് ആദ്യം നോക്കാം.

**മനുഷ്യജീവിതത്തിലെ പ്രശ്നങ്ങളെക്കുറിച്ച് ദൈവവചനം എന്തു പറയുന്നു?**

ആദ്യമായി പ്രശ്നങ്ങളെക്കുറിച്ച്, നാമറിഞ്ഞിരിക്കേണ്ട ഒരു മുന്നറിയിപ്പാണ് ദൈവവചനം നൽകുന്നത്. അതായത്, ദൈവമക്കളുടെ ഇഹലോക ജീവിതത്തിൽ നിന്നും പ്രശ്നങ്ങൾ പൂർണ്ണമായും നീക്കപ്പെടുമെന്ന് ദൈവവചനം ഒരിടത്തും പറയുന്നില്ല. മറിച്ച് ഈ ലോകത്തിൽ നാം ജീവിക്കുന്ന കാലമത്രെയും പ്രശ്നങ്ങൾ നമ്മെ പിന്തുടരും എന്നാണു പറഞ്ഞിരിക്കുന്നത് (ഇയ്യോബ് 14:1, 33, സങ്കീർത്തനം 90:10, സഭാപ്രസംഗി 2:23, യോഹന്നാൻ 16:33). ഓരോ ദിവസവും നിങ്ങളനുഭവിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും എത്ര യാഥാർത്ഥ്യമാണെന്ന് ആരും നിങ്ങളോട് പറഞ്ഞുതരേണ്ട ആവശ്യമില്ലല്ലോ.

**അനുസരിക്കാനായി ഒരു കല്പന**

പഴയ നിയമത്തിൽ ദൈവം മനുഷ്യനു പത്തു കല്പനകൾ നൽകി. ഈ കൽപനകളിൽ ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക, അമ്മയപ്പന്മാരെ ബഹുമാനിക്കാൻ ഓർക്ക എന്നീ രണ്ടു കൽപനകൾ ഒഴിച്ചാൽ മറ്റെല്ലാ കൽപനകളും അരുത് എന്ന താക്കീതോടെയാണ് കൊടുത്തിരിക്കുന്നത്. അതു നാം കർശനമായും അനുസരിക്കാൻ വേണ്ടിയാണ് തന്നിരിക്കുന്നത്.

അതേപോലെ പുതിയ നിയമത്തിലും നമുക്കുവേണ്ടിയുള്ള ഒരു കൽപ്പനയാണ് ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത് എന്നുള്ളത്. ജീവനോടിരിക്കുന്ന മാതാപിതാക്കൾക്ക് മക്കളുടെ കാര്യത്തിൽ ചിന്തയും വിചാരവും കരുതലുമുണ്ടായിരിക്കെ അവരുടെ സ്നേഹത്തെ സംശയിക്കുകയും അവർക്കെതിരെ പിറുപിറുക്കുകയും കുറ്റം പറയുന്നതും അനീതിയെങ്കിൽ, ജീവനുള്ള ദൈവത്തിന്റെ സ്നേഹത്തെ തുച്ഛീകരിച്ചു അവന്റെ ആയിരമായിരം വാഗ്ദത്തങ്ങളെ മറന്ന് അവനെ സംശയിക്കുന്നതും ഭാരപ്പെടുന്നതും ദൈവകൽപ്പനയുടെ ലംഘനമല്ലേ? അവനോടുള്ള മത്സരമല്ലേ?

**ചിന്താഭാരം എന്ന ഈ അവസ്ഥയുടെ പരിഭാഷ എന്താണ്?**

അനുദിന ജീവിതത്തിലെ പ്രതികൂല സാഹചര്യങ്ങൾ, ബുദ്ധിമുട്ടുകൾ, ആവശ്യങ്ങൾ, എന്നിവ നമ്മെ അലട്ടുമ്പോൾ അതിന്റെ പരിണിതഫലമായി ഉണ്ടാകുന്ന ഉത്കണ്ഠയിൽ നിന്നും മനസ്സിലുണ്ടാകുന്ന അസ്വസ്ഥതയാണ് ചിന്താഭാരം.

സാധാരണഗതിയിൽ ബാങ്കിൽ നാം ലോണിനപേക്ഷിച്ചു തുക ലഭിച്ചതിനു ശേഷമാണ് പലിശയടക്കാറുള്ളത്. എന്നാൽ ചിന്താഭാരം എന്നു പറഞ്ഞാൽ ലോൺ ലഭിക്കുന്നതിനു മുമ്പുതന്നെ പലിശയടച്ചു തുടങ്ങുന്നത് പോലെയാണ്. പ്രശ്നം വന്നുഭവിക്കുന്നതിനു മുമ്പുതന്നെ ചിന്താഭാരമാണ്. നാളെ വെളിപ്പെടാനിരിക്കുന്ന കാർമേഘം കൊണ്ട് ഇന്നത്തെ സൂര്യപ്രകാശത്തെ മൂടിക്കളയുന്നതാണ് ചിന്താഭാരം. വൈകുന്നേരത്തെ സൂര്യപ്രകാശത്തിൽ വലുതായി കാണുന്ന നമ്മുടെ നിഴൽപോലെ ചെറിയ കാര്യങ്ങളെ വലുതായി ചിന്തിച്ച് ഭാരപ്പെടുന്നതും ചിന്താഭാരം തന്നെ. മേൽ പറഞ്ഞ ഉദാഹരണങ്ങൾ കൊണ്ട് ചിന്താഭാരം എന്ന ഈ പ്രശ്നത്തിന്റെ ഏകദേശരൂപം മനസ്സിലായെന്നു വിശ്വസിക്കട്ടെ.

(തുടരും)

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 15 - 17
Date of Publication - 5th June 2016
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

## വിശ്വാസികൾ വിചാരപ്പെടാമോ?



**പാസ്റ്റർ ഡാനിയേൽ ജോർജ്**
**ന്യൂഡൽഹി**

**ജീ**വിതത്തിൽ വിചാരപ്പെടാത്തവരായി ആരെങ്കിലുമുണ്ടോ എന്ന് തോന്നുന്നില്ല. മനുഷ്യരായി പിറന്ന എല്ലാവരും വിചാരപ്പെട്ടു ഭാരപ്പെടുന്ന സ്വഭാവം ഉള്ളവരാണ്. വൈദ്യശാസ്ത്രപ്രകാരം ചിന്താഭാരം കൂടിയാൽ പലവിധ രോഗങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ടെന്നാണ് പറയപ്പെടുന്നത്. നൂറിൽ പരം രോഗങ്ങൾ ഇത് കാരണം മനുഷ്യൻ അനുഭവിക്കുന്നു. ചിന്താഭാരം ശരീരത്തിന്റെ ആരോഗ്യവും ഊർജ്ജവും നഷ്ടപ്പെടുത്തുന്നു. ഒരു വിശ്വാസിയുടെ ജീവിതത്തിൽ, അതിലുപരിയായി വിചാരപ്പെട്ടു ചിന്താഭാരത്തിൽ കഴിയുക എന്നു പറഞ്ഞാൽ, ദൈവത്തോടുള്ള മത്സര മനോഭാവത്തെ കാണിക്കുന്നു. ഉദാഹരണമായി, സാധാരണ ഗതിയിൽ നാം കണ്ടും കേട്ടിട്ടുമുള്ളതും നാട്ടുനടപ്പായതുമായ ഒരു രീതിയുണ്ട്. ഭാര്യയോട് നല്ല സ്നേഹമുള്ള ഒരു ഭർത്താവ്, വിഷാദിച്ചിരിക്കുന്ന തന്റെ ഭാര്യയോട്, ഞാൻ ജീവനോടിരിക്കുന്നിടത്തോളം കാലം നീ എന്തിനാണ് ഭാരപ്പെടുന്നത് എന്ന് ചോദിക്കും. മക്കളെ സ്നേഹിക്കുന്ന അമ്മയപ്പന്മാർ കരയുന്ന മക്കളെ ആശ്വസിപ്പിക്കുവാൻ പറയും; മക്കളേ, ഡാഡിയും മമ്മിയും ജീവനോടുള്ളടത്തോളം കാലം നിങ്ങളെന്തിനാണ് ഭാരപ്പെടുന്നത് എന്ന്. എന്നു പറഞ്ഞാൽ കരുതുവാനും കാക്കുവാനും ജീവനോടെ ഭർത്താവും മാതാപിതാക്കളുമുള്ളപ്പോൾ എന്തിനാണ് ഭാരപ്പടുന്നത് എന്നർത്ഥം. ശരിയല്ലേ? വിചാരപ്പെട്ടു ഭാരപ്പെടുമ്പോൾ നാം ദൈവത്തോടു; "നീ ജീവനുള്ള ദൈവമല്ല, നിനക്കു ജീവനുണ്ടെങ്കിലും എന്റെ കാര്യത്തിൽ നിനക്കു അത്ര താല്പര്യമില്ല, നിനക്കു കഴിവുമില്ല" എന്നല്ലേ പറയുന്നത്?

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെന്നറിയാമെങ്കിലും വിചാരപ്പെടുമ്പോൾ എന്തെല്ലാം നിരാശയുടെ വാക്കുകളാണ് നാം പറയാറുള്ളത്. ചിന്താഭാരം നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗവും സ്വഭാവവുമായി മാറിക്കഴിഞ്ഞിരിക്കുന്നു. നേരമ്പോക്ക് എന്ന് കേട്ടിട്ടില്ലേ? അതായത് ടൈം പാസ്. വെറുതെയിരിക്കുമ്പോൾ എന്തെങ്കിലുമൊക്കെ പറഞ്ഞും പ്രവർത്തിച്ചും സമയം തള്ളിനീക്കുന്ന സ്വഭാവത്തിനാണ് നേരമ്പോക്ക് എന്ന് പറയുന്നത്. ഇംഗ്ലീഷിൽ an idol mind is the workshop of the devil എന്ന ഒരു ചൊല്ലുണ്ട്. വെറുതെയിരിക്കുന്ന വ്യക്തിയുടെ മനസ്സ് പിശാചിന്റെ പണിപ്പുരയാണെന്നർത്ഥം. മറ്റു പണിയൊന്നുമില്ലെങ്കിൽ മനസ്സിനൊരു പണി കൊടുക്കണ്ടേ?

> **ജീവനോടിരിക്കുന്ന മാതാപിതാക്കൾക്ക് മക്കളുടെ കാര്യത്തിൽ ചിന്തയും വിചാരവും കരുതലുമുണ്ടായിരിക്കെ അവരുടെ സ്നേഹത്തെ സംശയിക്കുകയും അവർക്കെതിരെ പിറുപിറുക്കുകയും കുറ്റം പറയുന്നതും അനീതിയെങ്കിൽ ജീവനുള്ള ദൈവത്തിന്റെ സ്നേഹത്തെ തുച്ഛീകരിച്ചു അവന്റെ ആയിരമായിരം വാഗ്ദത്തങ്ങളെ മറന്ന് അവനെ സംശയിക്കുന്നതും ഭാരപ്പെടുന്നതും ദൈവകല്പനയുടെ ലംഘനമല്ലേ? അവനോടുള്ള മത്സരമല്ലേ?**

മനുഷ്യജീവിതത്തിലെ വളരെ തഴക്കവും പഴക്കവും പൊതുവിൽ പ്രചാരവുമുള്ള ഒരു നേരമ്പോക്കാണ് വിചാരപ്പെട്ടു ഭാരപ്പെട്ടുകൊണ്ടിരിക്കുന്ന സ്വഭാവം. ചിലർ പറയുന്നത് കേട്ടിട്ടില്ലേ. എന്തെങ്കിലും നല്ലതു നടക്കുമ്പോഴെ എനിക്കറിയാം എന്തോ കഷ്ടകാലം വരാൻ പോകുന്നുവെന്ന്. ശ്രദ്ധിച്ചാലും! ഇതെത്ര നിഷേധാത്മകമായ ഒരു ചിന്താഗതിയാണെന്നറിയാമെങ്കി ലും അധികം പേരും ഇതേ ചിന്താഗതിക്കാരാണ് ആ അവസ്ഥയിൽ, അവിടെത്തന്നെയാണ് ഇപ്പോഴും ജീവിക്കുന്നത്. പിശാച് ഇത് കേട്ടിട്ട് ഊറി ചിരിച്ചുകൊണ്ടു പറയുകയാണ് മോനെ ഒന്നുകൂടെ പറ, മകളെ ഒരിക്കൽകൂടെ പറ.

അനുഭവത്തിലും വചനാടിസ്ഥാനത്തിലും ഞാൻ മനസ്സിലാക്കിയ ഒരു കാര്യം പറയട്ടെ? മൂന്ന് വ്യക്തികളോട് നാം കള്ളം പറയരുത്. പെട്ടന്ന് നിങ്ങളുടെ മനസ്സിൽ, ദൈവത്തോടും പിന്നെ ഡോക്ടറോടും വക്കീലിനോടും നാം കള്ളം പറയരുത് എന്ന ചിന്ത വന്നുകാണും. എന്നാൽ അങ്ങനെയല്ല, ദൈവത്തോടും മനുഷ്യരോടും കൂടാതെ പിശാചിനോടും നാം കള്ളം പറയരുത്. കാരണം ദൈവത്തോടും മനുഷ്യരോടും കളവ് പറഞ്ഞാൽ അത് ദൈവസന്നിധിയിൽ പാപമത്രേ, എന്നാൽ പിശാചിനോട് കള്ളം പറഞ്ഞാൽ നമ്മുടെ ദൗർബല്യങ്ങൾ അവനു പരിചയമുള്ളതിനാലും അതിന്റെ ഡയറി അവന്റെ കൈവശമുള്ളതുകൊണ്ടും നാം എന്തെങ്കിലും ഇല്ലാത്തതോ കപടത്തരമോ അതിശയോക്തിയോ പറഞ്ഞാൽ അവൻ പഴയ ഡയറി എടുത്തു കാട്ടി പറയും നീ ദൈവകൃപ

(ശേഷം മൂന്നാം പേജിൽ)

**ഉറവ**

## മനസ്സു പുതുക്കി രൂപാന്തരപ്പെടുക



**ഇവാ. ജോൺ സാമുവൽ**
**മണക്കാല**

**ജീ**വിത സാഹചര്യങ്ങളെ അനുകൂലമായി മാറ്റാൻ കഴിയണമെങ്കിലും സാഹചര്യത്തിനനുസരണമായി മാറാൻ കഴിയണമെങ്കിലും മാനസികാരോഗ്യം ഉണ്ടാകേണം. മനുഷ്യന്റെ ഏറ്റവും വലിയ ശക്തി മനശക്തിയാണ്. എന്നാൽ മനുഷ്യമനസ് എന്നും അസ്വസ്ഥമാണ്. ഈ അസ്വസ്ഥതകൾ, ഉത്കണ്ഠകൾ അനുദിനം വർദ്ധിച്ച് കടുത്ത മാനസിക സമ്മർദ്ദങ്ങൾ ഉണ്ടാക്കുന്നു. മാനസിക സമ്മർദ്ദം മനുഷ്യനെ ബാധിച്ചിട്ടുള്ള വ്യാധിയാണ്.

അസ്വസ്ഥതകളിലൂടെയും ഉത്കണ്ഠകളിലൂടെയും ജീവിതം മുന്നോട്ട് കൊണ്ടുപോകുമ്പോൾ വിവിധ തരത്തിൽപെട്ട ശാരീരിക, മാനസിക രോഗങ്ങൾക്ക് (Psychosomatic disorders) അത് കാരണമാകും. ഞരമ്പുരോഗങ്ങൾ, ഹൃദ്രോഗം, മദ്യാസക്തി, പുകവലി, ശ്വാസകോശ രോഗങ്ങൾ, അക്ഷമ, ഭയം, ആത്മവിശ്വാസ കുറവ് തുടങ്ങിയവയും ആധുനിക മനുഷ്യന്റെ കൂടപ്പിറപ്പാണ്. പിരിമുറുക്കങ്ങളുടെ കാരണങ്ങൾ മാനസികവും ശാരീരികവും ആകാം. മനസ്സുപുതുക്കി രൂപാന്തരപ്പെടുക എന്ന ബൈബിൾ സൂക്തം പ്രായോഗികമാകേണ്ടുന്ന ഒന്നാണ്.

പുതിയ അദ്ധ്യയന വർഷത്തിലേക്ക് വിദ്യാർത്ഥികൾ പ്രവേശിച്ചിരിക്കുകയാണ്. അത്യാഹ്ലാദത്തോടെ അനേകായിരങ്ങൾ അറിവുതേടി അദ്ധ്യയനകളരിയിലേക്ക് ചുവടുവയ്ക്കുമ്പോൾ ആശങ്കയോടെ അനന്തതയിലേക്ക് നോക്കി നെടുവീർപ്പിടുന്നവരും ചുരുക്കമല്ല. മക്കളെ മാന്യമായി സ്കൂളിലേക്ക് എല്ലാം വാങ്ങി നൽകി ഒരുക്കി വിടാൻ ജീവിതായോദ്ധനകളരിയിൽ പോരാടുന്ന മാതാപിതാക്കളുടെ ഈറനണിഞ്ഞ കണ്ണുകളും മനസ്സിന്റെ വേദനയും വാക്കുകൾ കൊണ്ട് വിവരിക്കുക അസാദ്ധ്യമാണ്.

മനോധൈര്യം നഷ്ടപ്പെട്ട മാനവകുലത്തിന് മനോധൈര്യം വീണ്ടെടുക്കാൻ ഇനിയും സാധിക്കും. അന്തഃകരണങ്ങളിൽ ഒന്നാണ് മനസ്സ്. പഞ്ചേന്ദ്രിയങ്ങളിലൂടെ അവഗതമാകുന്ന അറിവിനെ അപഗ്രഥിക്കുകയും, മനനം ചെയ്യുകയും ബോധരൂപമായി ബുദ്ധിയിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഹൃദയം. ബുദ്ധി, ആഗ്രഹം, സങ്കല്പം, ഗ്രഹണശക്തി, അറിവ് എന്നീ അർത്ഥങ്ങളിലും മനസ്സു പ്രയോഗിക്കപ്പെടുന്നു. ബുദ്ധിയുടേയും ഇച്ഛയുടേയും അധിഷ്ഠാനമാണത്. ചിത്തം, ചേതസ്, ഹൃദയം, സ്വാന്തം, മാനസം എന്നിവ മനസ്സിന്റെ പര്യായങ്ങളായി അമരകോശത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

എബ്രായയിലും ഗ്രീക്കിലും അനേകം പദങ്ങൾ മനസ്സ് എന്ന അർത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ട്. നെഫെഷ്, ലേവ്, ലേവാവ് (ഹൃദയം) റൂവവ് (ആത്മാവ്) യേറ്റ്സെർ( ഭാവന) തുടങ്ങിയ എബ്രായ പദങ്ങളെയും നൂസ്, നൊയിമ, ഗേറാമി തുടങ്ങിയ ഗ്രീക്ക് പദങ്ങളെയുമാണ് മനസ്സ് എന്ന് മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുള്ളത്. സെപ്റ്റ്വജിന്റ് പരിഭാഷകളിൽ ലേവ്, ലേവാവ് എന്നീ എബ്രായ പദങ്ങളെ കാർഡിയ എന്നതിനു പകരം നൂസ് കൊണ്ടാണ് തർജ്ജിമ ചെയ്തിട്ടുള്ളത്. ലേവിന്റെ കൃത്യമായ ഗ്രീക്ക് പദം കാർഡിയ (ഹൃദയം) അത്രേ.

ജീവിതത്തിന്റ സമസ്ത മേഖലകളിലും സ്വപ്നങ്ങൾ സഫലമാകാതെ ഇതളുകൊഴിഞ്ഞ പുഷ്പം പോലെ വാടിതളരുന്ന സാഹചര്യങ്ങൾ ധാരാളമുണ്ട്. പക്ഷെ, എന്നെക്കൊണ്ട് സാധിക്കും എന്ന ശുഭാപ്തി വിശ്വാസവും കർമ്മോത്സുകതയും മനോധൈര്യവും വിജയപാതയിലേക്കുള്ള അനുഗ്രഹത്തിന്റെ കവാടം തുറക്കുന്നതിന് മുഖാന്തിരമാകും.

**ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം**

**ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്**

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

**വിജയകരമായ പതിനൊന്നാം വർഷത്തിലേക്ക് പ്രവേശിക്കുന്നു**

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം

യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ

പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ

അയാട്ട (IATA) അംഗീകൃതം

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.*

അടുത്ത ബാച്ച് 2016 ജൂൺ ആദ്യവാരം ആരംഭിക്കുന്നു. പ്രോസ്പക്ടസിനും അപേക്ഷാഫോറത്തിനും കോളജുമായി ബന്ധപ്പെടുക.

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

**വിശ്വാസ ഗീതങ്ങൾ**

*ഒരു ഉത്തമ ഗാനോപഹാരം*

**മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി**
**1000ൽപരം ഗാനങ്ങൾ**
**കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ,**
**പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ,**
**സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്),**
**സ്നേഹ നിധി (എം. പി. ത്രി)**
**എന്നീ ആഡിയോ സിഡികളും ലഭ്യമാണ്**

കോപ്പികൾക്ക്:-
**Pastor M. Samuelkutty**
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442